തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ

വാല്യം 23 2018 സെപ്റ്റംബർ ലക്കം 9



## നാടിനൊപ്പം :

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക്
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സംഭാവന
ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൈമാറുന്നു

**അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ജലപ്രളയ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുന്നു**

പത്തനംതിട്ട, ഇടയാറന്മുള, തെക്കേമല (22 - 08 - 2018).








## മലങ്കര സുറിയാനി കത്തോലിക്കാസഭ

### തിരുവനന്തപുരം മേജർ അതിഭദ്രാസന

# ബുള്ളറ്റിൻ




വാല്യം 23 | 2018 സെപ്റ്റംബർ | ലക്കം 9

തിരുവനന്തപുരം മേജർ അതിഭദ്രാസന
ബുള്ളറ്റിൻ

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള മേൽപ്പട്ടക്കാർക്കും
കോർഎപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 4/2018

*സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രീയേക ദൈവത്തിനു സ്തുതി.*

## 88-ാം പുനരൈക്യവാർഷികം ഇടവകകളിൽ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മാർത്തോമ്മാ ശ്ലീഹായുടെ മലങ്കരയിലെ അപ്പസ്തോലിക സഭ നിരവധി നിർണ്ണായക ഘട്ടങ്ങളിലൂടെയാണ് ഉദയംപേരൂർ സുന്നഹദോസിന്റെയും കൂനൻകുരിശു സത്യത്തിന്റെയും ചരിത്ര വഴികളിലെത്തിയത്. കൂനൻകുരിശു പ്രഖ്യാപനത്തിനുശേഷം മലങ്കരസഭ അനേകം പിളർപ്പിന്റെ അനുഭവങ്ങളിലൂടെ കടന്നുപോയി. 1653-നു ശേഷം ഐക്യത്തിനായി മലങ്കര സഭയിൽ അനേക പരിശ്രമങ്ങൾ നടത്തിയെങ്കിലും ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യ ശ്രമങ്ങളാണ് 1930-ൽ വിജയത്തിലെത്തിയത്. അന്നത്തെ ബഥനി

മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനിയുടെ നേതൃത്വ ത്തിൽ രൂപംകൊണ്ട മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് 88 വർഷ മാകുന്നു!

ഒരു സഭയെ സംബന്ധിച്ച് 88 വർഷം ഒരു നീണ്ട കാലയള വല്ലായെങ്കിൽ കൂടി ഈ കാലയളവിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ പ്രകടമായ ദൈവപരിപാലന ഏവരെയും അത്ഭുത പ്പെടുത്തുന്നതാണ്. മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രസക്തി യെക്കുറിച്ച് 88-ാം പുനരൈക്യ വാർഷികവേളയിൽ നാം ചിന്തിക്കു മ്പോഴും കൂനൻകുരിശു പ്രഖ്യാപനത്തിന്റെ ഗുണപരമായ ഭാവ ങ്ങളിലേക്കാണ് നാം നയിക്കപ്പെടുക എന്നതാണ് ഏറ്റം ആശ്ചര്യ കരമായ വസ്തുത. മലങ്കര അപ്പസ്തോലിക സഭയുടെ ഉൾഭരണ സ്വാതന്ത്ര്യവും ആരാധനാ പൈതൃകവും സംരക്ഷിക്കുക തന്നെയാ യിരുന്നു 1653-ലെ പ്രതിജ്ഞയുടെ അന്തഃസത്ത. സാർവ്വത്രിക സഭാകൂട്ടായ്മയിൽ നിന്ന് അകന്നു നിൽക്കുകയെന്നത് അവരുടെ ചിന്തയേ ആയിരുന്നില്ല. എന്നാൽ ചരിത്ര ഗതിവിഗതികളിൽ അങ്ങനെ വന്നുഭവിച്ചുവെന്നത് ഒരു യാഥാർത്ഥ്യം!

1930-ൽ നടന്ന മലങ്കര പുനരൈക്യ സംഭവത്തിന്റെ ഉള്ളർത്ഥം ഇനിയും മനസ്സിൽ ആഴത്തിൽ പതിയേണ്ട ഇടങ്ങളുണ്ട്. ഒരേ സമയം തന്നെ മലങ്കരയുടെ ചിരപുരാതനമായ ഉൾഭരണ സ്വാത ന്ത്ര്യവും പൈതൃകസംരക്ഷണവും സാർവ്വത്രിക സഭയുമായുള്ള വി. കുർബ്ബാന സംസർഗ്ഗവും സാദ്ധ്യമാണോ? അതെ! എന്ന 1930-ലെയും തുടർന്നുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭ യുടെയും ഉത്തരം ഇനിയും കണ്ടില്ലായെന്ന് നടിക്കുന്നത് സത്യ ത്തിന് നേരെയുള്ള കണ്ണടയ്ക്കലാണ്. മലങ്കര സുറിയാനി കത്തോ ലിക്കാസഭ, തനിക്ക് ലഭിച്ച അതിപുരാതനമായ ആരാധനക്രമത്തെ സാർവ്വത്രികസഭയിൽ സമർപ്പിച്ച് ആരാധനാ ജീവിതം പുന:ക്രമീ കരിച്ചപ്പോൾ മുതൽ അത്ഭുതകരമായ നിലയിൽ ദൈവം ഈ സഭ യിലൂടെ ഇടപെടാൻ തുടങ്ങി. 5 പേരിൽ സമാരംഭിച്ച കൂട്ടായ്മയെ തിരുവനന്തപുരം കേന്ദ്രമാക്കി 1932-ൽ ഒരു മെത്രാപ്പോലീത്തൻ സഭയായി സാർവ്വത്രിക സഭയിൽ സ്ഥിരീകരിക്കുകയും റോമിലെ

തിരുസിംഹാസനം എന്നും ഈ സഭയ്ക്ക് കരുതലും സംരക്ഷണവും ഔദാര്യത്തോടെ നൽകി ബലപ്പെടുത്തുകയും ചെയ്തുവന്നു. തിരുവനന്തപുരം അതിഭദ്രാസനം, തിരുവല്ല ഭദ്രാസനം എന്നീ രണ്ടു കാനോനീക സംവിധാനങ്ങളിലൂടെ വളർന്നു മുന്നേറിയ നമ്മുടെ സഭയെ വിവിധ പ്രദേശങ്ങളിൽ ഭദ്രാസനങ്ങൾ സ്ഥാപിച്ച് തിരുസിംഹാസനം നമ്മുടെ ശുശ്രൂഷകളെ വ്യാപിപ്പിച്ചും അനുഗ്രഹിച്ചും കൊണ്ടേയിരുന്നു. നമ്മുടെ സഭാമക്കളും വൈദികരും സന്യസ്തരും മെത്രാപ്പോലീത്താമാരും സഭാതലവനോട് ചേർന്ന് ഏറ്റം ത്യാഗസമ്പൂർണ്ണവും മനുഷ്യ വളർച്ചക്കുതകുന്നവിധമുള്ള ശുശ്രൂഷകളും സേവനങ്ങളും നൽകി തിരുസിംഹാസനത്തിന്റെ സംരക്ഷണത്തെ എന്നും വിലമതിക്കുകയും സാധൂകരിക്കുകയും ചെയ്തു കൊണ്ടിരുന്നു. 2005-ൽ, തന്റെ ശ്ലൈഹീക ശുശ്രൂഷയുടെ അനുഗ്രഹീതവേളയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ, മെത്രാപ്പോലീത്തൻ സഭയിൽ നിന്നും പാത്രിയാർക്കൽ സഭയ്ക്കു സമാനമായ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉയർത്തിയപ്പോൾ കൂനൻ കുരിശിലെ ആലാത്തുകൾ മുഴുവൻ പൊട്ടിച്ചിതറി എന്നതാണ് സത്യം! പൗരസ്ത്യ കത്തോലിക്കാ സഭാ നിയമപ്രകാരമുള്ള മേജർ ആർച്ചുബിഷപ്പ് എന്ന സഭാദ്ധ്യക്ഷസ്ഥാനം മലങ്കരയിലെ കാതോലിക്കോസ് എന്ന പുരാതന പൈതൃക സംജ്ഞയോട് ചേർത്ത് സഭാതലവനെ മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ് എന്ന് പ്രഖ്യാപനവേളയിൽത്തന്നെ അഭിസംബോധന ചെയ്യുകയും ഇക്കാര്യം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമസംഹിത വഴിയായി ബലപ്പെടുത്തുകയും ചെയ്തത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പൈതൃക സംരക്ഷണത്തിന്റെ സവിശേഷതയായി പരിഗണിക്കപ്പെട്ടു.

88 വർഷക്കാലത്തെ പുനരൈക്യപ്പെട്ട മലങ്കര സഭാസമൂഹത്തിന് ഉണ്ടായ വളർച്ച നമ്മുടെ സഹോദരീസഭകൾക്ക് പ്രചോദനമാകണം. തായ്ത്തണ്ടിനോട് ചേർന്നു നിന്നപ്പോൾ ശാഖക്കുണ്ടായ വളർച്ച നിക്ഷ്പക്ഷമായി വിലയിരുത്തപ്പെടട്ടെ! കത്തോലിക്കാ സഭയെക്കുറിച്ചും മലങ്കര പുനരൈക്യ പ്രസ്ഥാനത്തെക്കുറിച്ചുമുള്ള

മുൻവിധിയും പക്ഷപാതപരമായ നിലപാടുകളും മാറ്റിവച്ച് ദൈവാത്മാവിന്റെ വെളിച്ചത്തിൽ പരിശോധിക്കപ്പെടുകതന്നെ വേണം.

മലങ്കരസഭ സാർവ്വത്രിക സഭയുമായുള്ള ഐക്യത്തിലേക്ക് പുന:പ്രവേശനം നടത്തിയിട്ട് 2030 സെപ്റ്റംബർ 20 ആകുമ്പോൾ ഒരു നൂറ്റാണ്ട് പൂർണ്ണമാവുകയാണ്. കക്ഷിവഴക്കുകളിലും വ്യവഹാര ങ്ങളിലും വിധിന്യായങ്ങളുടെ നൂലാമാലകളിലും കുടുങ്ങിക്കിടന്ന മലങ്കര സഭയെ, സാർവ്വത്രിക സഭാകൂട്ടായ്മയുടെ ഐക്യത്തിൽ പരിപോഷിപ്പിക്കുവാനും, നമ്മുടെ നാഥനും രക്ഷകനുമായ പുത്രൻ തമ്പുരാൻ, "നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (വി. മർക്കോസ് 16:15) എന്ന് കൽപ്പിച്ച് നൽകിയ ദൗത്യം കൂടുതൽ ഫലദായകവും കാലിക പ്രസക്തവുമാക്കാനും മലങ്കര സുറിയാനി സഭയ്ക്ക് കഴിഞ്ഞുവെന്നത് ദൈവകൃപയുടെ ഏറ്റം മിഴിവാർന്ന സാക്ഷ്യം! ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ സഭാസംഭവമായി ലോകമാധ്യമങ്ങൾ വിശേ ഷിപ്പിച്ച പുനരൈക്യപ്രസ്ഥാനം അതിന്റെ ശതാബ്ദിയിലേക്ക് പ്രവേശിക്കാൻ 11 വർഷം മാത്രം അവശേഷിക്കുമ്പോൾ, തുടർന്നുള്ള ദിനങ്ങൾ സഭയൊന്നാകെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും പങ്കുവയ്ക്കലിന്റെയും അവസരങ്ങളാക്കി മാറ്റുവാൻ നമുക്ക് പ്രതി ജ്ഞാബദ്ധരാകാം!

**കേരളത്തിലെ ജലപ്രളയ ദുരന്തം**

കേരളം ഈ നൂറ്റാണ്ടിൽ കണ്ട ഏറ്റവും വലിയ പ്രളയ ദുര ന്തത്തിന് നാം സാക്ഷികളാണ്. തുടർച്ചയായുള്ള മഴക്കെടുതി യിലും വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും കേരളം നിശ്ചലമായി എന്നുതന്നെ പറയാം. അനേകലക്ഷം ആളു കളെ പ്രതികൂലമായി ബാധിച്ച ഈ വിഷയത്തിൽ കേരളത്തിന് നാൽപ്പതിനായിരം കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു. അനേകം കുടുംബങ്ങൾ നിരാലംബരായി മാറിയ ഒരു കാഴ്ച! കേരളം ഒന്നാകെ, ജാതി, മത, രാഷ്ട്രീയ ചിന്തകൾ മാറ്റിവച്ച്, ഒരു ജനതയായി, ദുരിതാശ്വാസ പ്രവർത്തന

ങ്ങളിൽ ഒറ്റക്കെട്ടായി മുന്നേറിയത് നമുക്കു നൽകിയ ആത്മ വിശ്വാസം ചെറുതല്ല. സാമ്പത്തിക സഹായം ഏവർക്കും എത്തി ക്കുന്നതിന്റെ ഭാഗമായി പൊതുഫണ്ട് രൂപീകരിക്കുന്നതിന് ബഹു മാന്യനായ കേരള സംസ്ഥാന മുഖ്യമന്ത്രി നടത്തിയ ആഹ്വാന ത്തോട് ഒട്ടേറെ സുമനസ്സുകൾ സഹകരിച്ചുകൊണ്ടിരിക്കുന്നു. നാടി നൊപ്പം നമ്മുടെ സഭയും കൂടെയുണ്ട് എന്നതിന്റെ സൂചകമായി ധനസമാഹരണത്തിന്റെ പ്രഥമ ദിനങ്ങളിൽ തന്നെ നമ്മുടെ സഭയുടെ വകയായി 25 ലക്ഷം രൂപ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തി (16.08.2018) ഞാൻ നാടിന് സമർപ്പിച്ചിരുന്നു. ക്രിസ്തീയ സഭകളിൽ നിന്നു നമ്മുടെ സഭയാണ് ഇപ്രകാരം ആദ്യമായി ഒരു മാതൃക നൽകി എന്നതിൽ നമുക്കേവർക്കും അഭിമാനമുണ്ട്. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നന്ദി രേഖാ മൂലം എന്നെ അറിയിച്ചിട്ടുമുണ്ട്. ഓണാഘോഷവും പൊതു ആഘോഷങ്ങളുമെല്ലാം ഒഴിവാക്കി കേരള ജനത ഒന്നായി ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പശ്ചാത്തല ത്തിൽ ക്രൈസ്തവ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സാക്ഷ്യവും മാതൃകയുമാകുവാൻ നമുക്കുള്ള ഉത്തരവാദിത്വത്തെ ഓർത്ത് 2018 സെപ്റ്റംബർ 19,20,21 തീയതികളിൽ 88-ാമത് പുന രൈക്യ വാർഷികവും സഭാസംഗമവും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ നടത്തുവാൻ തീരുമാനിച്ചിരുന്നത് ഒഴിവാ ക്കാൻ തീരുമാനിച്ച വിവരം നേരത്തേ അറിയിച്ചിരുന്നുവല്ലോ. ഓഗസ്റ്റ് 18, 19 തീയതികളിൽ പ്രാർത്ഥനാ ദിനമായി ആചരിക്കുന്നതിന് ഞാൻ നൽകിയ ആഹ്വാനത്തോട് നിങ്ങളേവരും സഹകരിച്ചതിൽ എല്ലാ വർക്കും നന്ദി അറിയിക്കുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വ ത്തിൽ ബഹു. വൈദികരും സമർപ്പിതരും മലങ്കര മേജർ സെമി നാരിയിലെ ശെമ്മാശ്ശന്മാരും എം.സി.വൈ.എം., എം.സി.എ., തുടങ്ങി പ്രേഷിതവേദികളിലെ സഹോദരങ്ങളും നമ്മുടെ സ്ഥാപനങ്ങളിലെ അധ്യാപകരും വിദ്യാർത്ഥികളും നമ്മുടെ ഭദ്രാസനങ്ങളിലെ സാമൂ ഹികക്ഷേമ പ്രവർത്തനകേന്ദ്രങ്ങളും അവയിലെ സഹകാരികളും ഒന്നിച്ച് വിവിധ പ്രദേശങ്ങളിൽ നൽകിയ ക്രൈസ്തവ സാക്ഷ്യം ഏറെ അഭിമാനത്തോടെ ഞാൻ കാണുന്നു. നിങ്ങളുടെ വലിയ മാതൃക

ഓർത്തു ദൈവത്തെ സ്തുതിക്കുന്നു. നമ്മുടെ എല്ലാ ഭദ്രാസനങ്ങ ളിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ട് സ്വരൂപിച്ചു കൊണ്ടിരിക്കുകയാണല്ലോ. ഏറ്റവും ഉത്തരവാദിത്വത്തോടെ ഈ സമാഹരണത്തിൽ ഇടപെടണമെന്ന് സ്നേഹത്തോടെ എല്ലാവ രേയും ഞാൻ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ ഏറ്റവും അർഹരായ കുടുംബാംഗങ്ങൾക്ക് പ്രസ്തുത തുക എത്തിച്ചുനൽകുന്നതുമാണ്. നിങ്ങളേവരുടെയും ഔദാര്യത്തിന് മുൻകൂട്ടി ഞാൻ നന്ദിപറയുന്നു.

**ഇടവകതലത്തിൽ പുനരൈക്യവാർഷികം**

മൂവാറ്റുപുഴയിൽ വച്ച് സഭാതലത്തിൽ നടത്തുവാനിരുന്ന പുനരൈക്യ വാർഷിക ആഘോഷങ്ങൾ ഒഴിവാക്കിയ പശ്ചാത്തല ത്തിൽ പുനരൈക്യവാർഷികം നമ്മുടെ സഭയിലെ എല്ലാ ഇടവക കളിലും ലളിതമായി ആഘോഷിക്കുന്നതിന് ഞാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു. **2018 സെപ്റ്റംബർ 20-ന്** നമ്മുടെ എല്ലാ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും ഈ നിയോഗത്തിൽ വി. കുർബാന അർപ്പിക്കുകയും നമ്മുടെ സഭയുടെ ഐക്യ, സുവിശേഷ പ്രഘോഷണ ദൗത്യങ്ങളെക്കുറിച്ച് പ്രചോദനാത്മകമായ സന്ദേശം/ പ്രബോധനം നൽകുകയും ചെയ്യുവാൻ ബഹു. വികാരിയച്ചന്മാരെ ഞാൻ പ്രത്യേകം ചുമതലപ്പെടുത്തുന്നു. വി. കുർബാനയെത്തുടർന്ന് എല്ലാ ദൈവാലയങ്ങളിലും കാതോലിക്കാ പതാക ഉയർത്തി പ്രതിജ്ഞ ചൊല്ലേണ്ടതുമാണ്. സെപ്റ്റംബർ 20, 21 തീയതികളിൽ വി. കുർബാനയുടെ ആരാധനയും പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ കളും പഠനശിബിരവും നടത്തുന്നത് ഏറെ അനുഗ്രഹപ്രദമായി രിക്കും. പുനരൈക്യവാർഷികത്തിന്റെ ഭാഗമായി നമ്മുടെ ഓരോ ഇടവകയും/മിഷൻ കേന്ദ്രവും ഒരു ചെറിയ ജീവകാരുണ്യ പ്രവർത്തി യെങ്കിലും അന്ന് ചെയ്യുന്നത് സ്വർഗ്ഗത്തോട് നമ്മെ ഒരു പടികൂടി അടുപ്പിക്കുമെന്നത് തീർച്ചയാണ്. സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും പുതുതലമുറയെ ഒരുക്കുന്നതിനും ബലപ്പെടുത്തു ന്നതിനും ഈ പുനരൈക്യവാർഷിക ദിനം ഉതകുമാറാകട്ടെ!

88-ാം പുനരൈക്യവാർഷികാഘോഷത്തിന് തയ്യാറെടുപ്പു നടത്തി കാര്യപരിപാടികൾ നന്നായി ക്രമീകരിച്ചു വരികയായിരുന്നു, മൂവാറ്റുപുഴ ഭദ്രാസനം. സഭാതലത്തിലുള്ള പുനരൈക്യ വാർഷികാഘോഷങ്ങൾ ഒഴിവാക്കിയതുമൂലം ഭദ്രാസനത്തിന് ക്ലേശമുണ്ടായി എന്നത് മനസ്സിലാക്കുന്നു. എന്നാൽ തികച്ചും അഭിനന്ദനാർഹമായ സമീപനവും സമർപ്പണവും നടത്തിയ മൂവാറ്റുപുഴ ഭദ്രാസനത്തെ മുഴുവൻ - ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തായേയും, സഹായ മെത്രാപ്പോലീത്ത അഭിവന്ദ്യ യൂഹാനോൻ മാർ തെയൊഡോഷ്യസ് തിരുമേനിയേയും ബഹു. വൈദികർ, സിസ്റ്റേഴ്സ്, ദൈവജനം മുഴുവനേയും ഞാൻ പ്രത്യേക നന്ദി അറിയിക്കുന്നു.

**ക്രൈസ്തവ സാക്ഷ്യം തുടരാം**

ദുരിതമനുഭവിക്കുന്ന നമ്മുടെ എല്ലാ സഹോദരങ്ങളോടും പ്രതിബദ്ധത അറിയിക്കുന്നതിനുള്ള ഉത്തരവാദിത്വം നമുക്കുണ്ടല്ലോ. നമ്മുടെ വ്യക്തിപരവും ശുശ്രൂഷാപരവും കുടുംബം, ഇടവക, ഭദ്രാസനം, സഭ എന്നീ തലങ്ങളിലുമുള്ള ആഘോഷവേളകളിൽ ലാളിത്യം നിറയട്ടെ! പെരുന്നാളുകൾ, ജൂബിലി ആഘോഷം, സഭാകൂടിവരവുകൾ ഇവയെല്ലാം ആർഭാടരഹിതമായ ആചരണങ്ങൾ മാത്രമേ നടത്താവൂ എന്നത് ഏവരേയും സ്നേഹപൂർവ്വം അറിയിക്കുന്നു. 2019-ലെ ഈസ്റ്റർ ദിനം വരെ ഈ തീവ്രമായ ലാളിത്യസമീപനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ശുശ്രൂഷാവേദികളിലും കുടുംബങ്ങളിലും അഭിഷിക്തരിലും സമർപ്പിതരിലും നിറഞ്ഞുനിൽക്കട്ടെ. ഇടവക തിരുനാൾ ആഘോഷം ആത്മീയതലത്തിൽ മാത്രം ആചരിക്കേണ്ടതാണ്. സ്ഥാപനങ്ങളിലെ വാർഷിക ദിനാഘോഷങ്ങളിലും മേൽപ്പറഞ്ഞ ലാളിത്യം പാലിക്കേണ്ടതാണ്. ആർഭാടങ്ങൾ, ആഘോഷങ്ങൾ ഇവ ഒഴിവാക്കുന്നതുവഴി ലഭിക്കുന്ന തുക ദുരിതമനുഭവിക്കുന്ന സഹോദരങ്ങൾക്ക് പങ്കുവച്ചു നൽകേണ്ടതുമാണ്.

## 2018-ൽ റോമിൽ നടക്കുന്ന സിനഡ്

സഭയുടെ യുവജനങ്ങളെക്കുറിച്ച് പ്രത്യേകം വിധം ആലോചിക്കുന്നതിനും വിലയിരുത്തുന്നതിനും സാക്ഷ്യജീവിതത്തിന് യുവജനതയെ പ്രാപ്തരാക്കുന്നതിനും ഉദ്ദേശിച്ച് 2018 ഒക്ടോബർ 3 മുതൽ 28 വരെ റോമിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പ വിളിച്ചുകൂട്ടുന്ന സുന്നഹദോസിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമെന്ന നിലയിൽ മലങ്കരസഭയുടെ പ്രതിനിധിയായി ഞാൻ പങ്കെടുക്കുന്നതാണ്. സുന്നഹദോസിന്റെ ദൈവികമായ നടത്തിപ്പിനുവേണ്ടി നിങ്ങളേവരും പ്രത്യേകമായി പ്രാർത്ഥിക്കണം.

തിരുസഭയുടെയും നമ്മുടെ ദേശത്തിന്റെ പ്രത്യേക ആവശ്യങ്ങളും നിയോഗങ്ങളും ദൈവതിരുസന്നിധിയിൽ സമർപ്പിച്ച് നമുക്ക് പ്രാർത്ഥിക്കാം. ആയത് ദൈവമാതാവായ പരി. കന്യകാമറിയത്തിന്റേയും, അപ്പസ്തോല സമൂഹത്തിന്റേയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

കർത്താവിൽ വിനീത ശുശ്രൂഷി,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

03.09.2018
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം.

---

N.B: ഈ കല്പന, അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, സന്യാസഭവനങ്ങളിലും, വൈദിക-സന്യസ്ത പരിശീലന ഭവനങ്ങളിലും ആരാധനാകേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# സഭാ വാർത്തകൾ

## പ്രളയ ദുരന്തബാധിതരോടുള്ള ഐക്യദാർഢ്യം: മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുനരൈക്യവാർഷികാഘോഷങ്ങൾ ഒഴിവാക്കി

മലങ്കര സുറിയാനി കത്തോലിക്കാ സഭ 2018 സെപ്റ്റംബർ 20, 21 തീയതികളിൽ നടത്താനിരുന്ന 65-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾ പ്രളയ ദുരന്തബാധിതരോടുള്ള ഐക്യദാർഢ്യം പ്രകടിപ്പിച്ച് എല്ലാ ആഘോഷ പരിപാടികളും ഒഴിവാക്കി. ഇതു സംബന്ധിച്ചുള്ള ഔദ്യോഗിക കല്പന താഴെ കൊടുക്കുന്നു.

### The Syro-Malankara Catholic Church

✠ **BASELIOS CARDINAL CLEEMIS**
MAJOR ARCHBISHOP-CATHOLICOS

Residence & Communication
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel +91-471-2541642, 2541643, 2540446
Fax +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: +91-471-2533644, 2541331
Fax +91 471 2533688, E-mail: baselioscleemis@gmail.com

16 August 2018

To

The Archbishop and all the Bishops of the Syro-Malankara Catholic Church.

**Your Grace/Excellency,**

Prayerful greetings from Major Archiepiscopal Curia, Trivandrum!

As you know, the State of Kerala is severely affected with natural calamities viz, flood, landslide and incessant rain. Several

lives, houses and belongings have been lost. In this critical situation, let us pray to God Almighty to safeguard our people from all natural disasters.

As the flood situation is continuing to be grim in Kerala, I hereby inform your Grace/Excellency, Priests, Religious and Laity that the proposed common celebration of the 88th Reunion Day celebration of the Syro-Malankara Catholic Church to be held at the Eparchy of Muvattupuzha is cancelled. Instead of the common celebrations, the Reunion Day should be observed in the respective Eparchies in a simple way on 20th September 2018.

In order to express our solidarity to the flood affected people of Kerala, we have to extend our support and assistance. So I invite all our faithful to come forward to give all possible assistance and support for the rehabilitation of these victims in your locality. A day of prayer and fasting should be observed in all our Churches in consolation to the people affected.

At the Church level we wish to collect a substantial amount to be contributed to the Distress Relief Fund of the Chief Minister of Kerala as our support and solidarity to the people of Kerala. In this regard, I request Your Grace/Excellency to send that substantial amount raised from your Eparchy/Exarchate to the Curia to be handed over to the Chief Minister at the earliest. I expect your whole hearted support in this noble cause.

In union of prayers, I remain.

Yours lovingly in Our Lord,

+Baselios Cleemis

Baselios Cardinal Cleemis

Major Archbishop-Catholicos

## പ്രളയബാധിതർക്കായി സഭയുടെ എല്ലാ സ്ഥാപനങ്ങളും തുറന്നു നൽകും: അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി

പ്രളയബാധിതർക്കായി മേജർ ആർച്ചുബിഷപ്സ് ഹൗസ് ഉൾപ്പെടെയുള്ള സഭയുടെ എല്ലാ സ്ഥാപനങ്ങളും തുറന്നു നൽകുമെന്ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി. വെഞ്ഞാറമൂട് സെന്റ് ജോൺസ് മലങ്കര മെഡിക്കൽ വില്ലേജിൽ പണിത സെന്റ് ജോൺസ് കമ്യൂണിറ്റി ഹാളിന്റെയും സാനി സൂപ്പർമാർക്കറ്റിന്റെയും ഓണക്കിറ്റ് വിതരണത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദുരിതബാധിതർക്ക് താമസസൗകര്യം മാത്രമല്ല ഭക്ഷണവും സൗജന്യമായി ബിഷപ്സ് ഹൗസിൽ നിന്ന് എത്തിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സെന്റ് ജോൺസ് മെഡിക്കൽ വില്ലേജിന്റെ പരിധിയിൽ വരുന്ന നിർധന കുടുംബങ്ങളെ കണ്ടെത്തി ഓണക്കിറ്റുകൾ അവരുടെ വീടുകളിൽ എത്തിക്കുവാൻ മെഡിക്കൽ വില്ലേജ് ഡയറക്ടർക്ക് അദ്ദേഹം നിർദ്ദേശം നൽകി.

## അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു

2018 ആഗസ്റ്റ് 22-ന് പത്തനംതിട്ട അമൃത വിദ്യാലയത്തിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് പ്രയാസത്തിലായിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ക്യാമ്പിലെ അംഗങ്ങളായ അറുന്നൂറോളം പേർക്ക് ദുരിതാശ്വാസ സഹായം വിതരണം ചെയ്തു. തുടർന്ന് ഇടയാറന്മുള ലത്തീൻ കത്തോലിക്കാ ദൈവാലയത്തിലെ പ്രളയ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് പ്രാർത്ഥിക്കുകയും ദുരിത ബാധിതരെ ആശ്വസിപ്പിക്കുകയും ചെയ്തു. രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ചെറുപ്പക്കാരെ അഭിനന്ദിച്ചു. മറ്റുള്ളവരെ രക്ഷിക്കുന്നതിനിടയിൽ സ്വന്തം ഭവനം നഷ്ടപ്പെട്ട നാല് വ്യക്തികൾക്ക് ഭവനപുനർനിർമ്മാണത്തിനായി സഭയുടെ പിന്തുണ വാഗ്ദാനം ചെയ്തു. വൈകുന്നേരം 5.00-ന് തെക്കേമലയിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 25 ലക്ഷം രൂപാ നൽകി

പ്രളയ ദുരന്തബാധിതർക്ക് സഹായം എത്തിക്കുന്നതിനായി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സംഭാവനയായി 25 ലക്ഷം രൂപാ ബഹു. കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. മലങ്കര സുറിയാനി കത്തോലിക്കാ സഭ

യുടെ തലവനും പിതാവും മേജർ അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി 2018 ആഗസ്റ്റ് 16–ന് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ സന്ദർശിച്ച് ഈ തുക കൈമാറി. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നന്ദി രേഖാമൂലം അത്യഭിവന്ദ്യ ബാവാ തിരുമേനിയെ അറിയിച്ചു. ബഹു. മുഖ്യമന്ത്രിയുടെ കത്ത് താഴെ ചേർക്കുന്നു:

കേരള സർക്കാർ

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

നം.സിസി 621/2018/സിഎം.ഒ. 23/08/2018

പ്രിയപ്പെട്ട കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ,

കേരളം കണ്ടിട്ടുള്ള ഏറ്റവും ഭീകരമായ പ്രകൃതി ദുരന്തമാണല്ലോ ഇപ്പോൾ ഉണ്ടായിരിക്കുന്നത്. വിലപ്പെട്ട നിരവധി ജീവനുകളാണ് നഷ്ടപ്പെട്ടത്. വസ്തുവകകൾക്കും കൃഷിക്കും ഉണ്ടായ നഷ്ടവും വളരെ വലുതാണ്. എല്ലാ സുമനസുകളും ഒത്തൊരുമിച്ച് നിന്നാൽ മാത്രമേ ഉറ്റവർ നഷ്ടപ്പെട്ടവർക്ക് താങ്ങാവാനും, കിടപ്പാടവും ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് സഹായമെത്തിക്കാനും സാധിക്കുകയുള്ളൂ. ദുരിതകയത്തിലായവരെ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരാൻ കേരളം ഒരുമിക്കുകയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മലങ്കര സുറിയാനി കത്തോലിക്കാസഭ നൽകിയ സംഭാവന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തുപകരും. ഇതിന് തയ്യാറായ സഭ അധികാരികൾക്കും താങ്കൾക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

സസ്നേഹം,

**പിണറായി വിജയൻ**

**അത്യുന്നത കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്
മലങ്കര സുറിയാനി കത്തോലിക്കാസഭ
മേജർ ആർച്ചുബിഷപ്പ്സ് ഹൌസ്, പട്ടം
തിരുവനന്തപുരം-695 004.

*(ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയ സംഭാവനയ്ക്കുള്ള രസീത് ധനകാര്യ വകുപ്പിൽനിന്ന് താങ്കൾക്ക് ലഭ്യമാക്കുന്നതായിരിക്കും)*

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# മേജർ അതിഭദ്രാസന വാർത്തകൾ

## ജലപ്രളയ പരിഹാരത്തിന് പ്രത്യേക പ്രാർത്ഥന

കേരളത്തിൽ ഉണ്ടായ മഹാമാരിയുടെ ശമനത്തിനായി ജലപ്രളയ പരിഹാരത്തിനായും ജലപ്രളയത്താലുണ്ടായ കെടുതികൾക്ക് ശമനമുണ്ടാകുന്നതിനുമായും പ്രത്യേക പ്രാർത്ഥന നടത്തണമെന്ന അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ ആഹ്വാനമനുസരിച്ച് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ 2018 ആഗസ്റ്റ് 17 വെള്ളിയാഴ്ച പ്രാർത്ഥനാദിനം ആചരിച്ചു. രാവിലെ 7.30–ന് അത്യഭിവന്ദ്യ കാതോ ലിക്കാബാവാ തിരുമേനിയുടെ നേതൃത്വത്തിൽ വി. കുർബാന എഴു ന്നള്ളിച്ച് ആരംഭിച്ച ആരാധന വൈകിട്ട് 7.00–ന് അത്യഭിവന്ദ്യ ബാവാ തിരുമേനിയുടെ സന്ദേശത്തോടെ സമാപിച്ചു. ആരാധ നയിൽ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കേണ്ട നിയോഗങ്ങൾ അത്യ ഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി ആരാധനയുടെ വിവിധ ഘട്ടങ്ങളിൽ നൽകി. വൈകുന്നേരം 5.00 മുതൽ 7.30 വരെ റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ആരാധന നയിച്ചു. രാത്രിയിൽ എം.സി. വൈ.എം. ന്റെ നേതൃത്വത്തിൽ കബർ ചാപ്പലിൽ അഖണ്ഡ ആരാധന നടത്തി. വൈദികരും സന്ന്യസ്തരും വൈദിക വിദ്യാർത്ഥികളും വിശ്വാസികളും അടങ്ങുന്ന വലിയ സമൂഹം ആരാ ധനയിൽ സംബന്ധിച്ചു.

## ദൈവാലയ കൂദാശ – അഞ്ചാമട

തിരുവനന്തപുരം വൈദികജില്ലയിലെ അഞ്ചാമട സെന്റ് ജോൺസ് മലങ്കര സുറിയാനി ഇടവകയ്ക്കുവേണ്ടി പുനർ നിർമ്മിച്ച ദൈവാലയത്തിന്റെ കൂദാശാകർമ്മം 2018 ആഗസറ്റ് 15–ന് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനി നിർവ്വഹിച്ചു. ഇടവക വികാരി റവ. ഡോ. ഡാനി യേൽ ചരുവിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## വൈദികമന്ദിരം കൂദാശ ചെയ്തു

തിരുവനന്തപുരം വൈദികജില്ലയിലെ കാവടിത്തല മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയ്ക്കുവേണ്ടി നിർമ്മിച്ച വൈദിക മന്ദിരം 2018 ആഗസ്റ്റ് 21-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്തു. വികാരി റവ. ഫാ. ആൽബിൻ തേവലപ്പുറത്ത് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം

തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. പി. റ്റി. ജോർജ്ജിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം 2018 ആഗസ്റ്റ് 11-ന് അദ്ദേഹത്തിന്റെ മാതൃ ഇടവകയായ പുത്തൻ പീടിക സെന്റ് തോമസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ നടന്നു. രാവിലെ 10 മണിക്ക് ജൂബിലേറിയൻ വി. കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന അനുമോദന യോഗത്തിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ തിരുമേനി അധ്യക്ഷനായിരുന്നു. പത്തനംതിട്ട ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി മുഖ്യപ്രഭാഷണം നടത്തി.

---

## SPECIAL APPOINTMENTS

Rev. Fr. Koshy Chirakkarott

- Bursar, Sarvodaya Vidyalaya
- Director, Mar Gregorios Renewal Centre
- Director, Girideepam Convention Centre
- Director, St. Alphonsa Hostel

# CHANGE OF ADDRESS

Rev. Fr. George Mecherimukalil
St. Mary's Malankara Syrian Catholic Church
Vandannoor, Perumpazhuthoor P.O.
Neyyattinkara - 695 126.

Rev. Fr. Albin Varghese Thevalapurath
Malankara Bhavan, Vettikonam
Manikandeswaram P.O., TVM - 695 013

Rev. Fr. Koshy Chirakkarott
Girideepam Convention Centre
Mar Ivanios Vidya Nagar
Nalanchira P.O., TVM - 695 015

Rev. Fr. John Muruppel
Collegio Damansceno
Via Boccea 480,
Roma, Italy.

## ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ ബഹു. വൈദികരുടെ **വാർഷികധ്യാനം** 2018 ഒക്ടോബർ 28 മുതൽ നവംബർ 2-ാം തീയതി 4.00 മണി വരെ പാലാ അൽഫോൺസിയൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടക്കും. റവ. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ധ്യാനം നയിക്കും. മറ്റു ക്രമീകരണങ്ങൾ അടുത്ത മാസത്തിലെ (ഒക്ടോബർ) ബുള്ളറ്റിനിൽ അറിയിക്കുന്നതായിരിക്കും.

\- ചാൻസിലർ

## വിശ്വാസ പരിശീലന ദിനം

ഈ വർഷത്തെ വിശ്വാസപരിശീലന ദിനാഘോഷം ഓഗസ്റ്റ് 5-ാം തീയതി ഞായറാഴ്ച മേജർ അതിഭദ്രാസനത്തിന്റെ കീഴിലുള്ള എല്ലാ ഇടവകകളിലും ആഘോഷിച്ചു. ഈ ആഘോഷങ്ങൾക്ക് ബഹു. വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, അദ്ധ്യാപകർ, സിസ്റ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. മേജർ അതിഭദ്രാസന തലത്തിലുള്ള സസേ്കൂൾ ദിനാഘോഷം കഴക്കൂട്ടം വൈദികജില്ലയിലെ കുറ്റിയാനി സെന്റ് പോൾസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. റൈറ്റ് റവ. മോൺ. ഡോ. വർക്കി ആറ്റുപുറത്ത് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. അതേത്തുടർന്ന് നടത്തിയ മീറ്റിംഗിലും വിശ്വാസ പ്രഖ്യാപനറാലിയിലും മേജർ അതിഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടർ റവ. ഫാ. ഡാനിയേൽ കുളങ്ങര, കഴക്കൂട്ടം വൈദിക ജില്ലാവികാരി വെരി റവ. ഫാ. തോമസ് പൂവണ്ണാൽ, റവ. ഫാ. ജോസഫ് വള്ളിയാട്ട്, റവ. ഫാ. രാജു പരുക്കൂർ എന്നീ വൈദികർ നേതൃത്വം നൽകുകയും ആശംസകൾ അറിയിക്കുകയും ചെയ്തു. ഈ ദിനാഘോഷത്തിൽ കുറ്റിയാനി, അരുവിയോട്, പൗഡിക്കോണം, അരശുംമൂട് എന്നീ ഇടവകകളിൽ നിന്നും 300-ൽപ്പരം സണ്ടേസ്കൂൾ വിദ്യാർത്ഥികളും മാതാപിതാക്കളും അധ്യാപകരും പങ്കെടുത്തു.

## അദ്ധ്യാപക സെമിനാറുകൾ

അഞ്ചൽ വൈദികജില്ലയിൽ മതബോധന ശുശ്രൂഷയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ സെമിനാർ ഓഗസ്റ്റ് 11-ന് അഞ്ചൽ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. സെമിനാർ ജില്ലാവികാരി വെരി റവ. ഫാ. ബോവസ് മാത്യു ഉദ്ഘാടനം ചെയ്യുകയും സണ്ടേസ്കൂൾ ഡയറക്ടർ റവ. ഫാ. അജോ കളപ്പുരയിൽ, എക്സിക്യൂട്ടീവ് അംഗം ശ്രീ. പി. ജി. എഡിസൺ, ജില്ലാ സെക്രട്ടറി ശ്രീ. രാജു വർഗ്ഗീസ് കോണത്ത്

എന്നിവർ നേതൃത്വം നൽകി. അതിഭദ്രാസന കാര്യാലയ റിസോഴ്സ് ടീം ക്ലാസ്സുകൾ നയിച്ചു. 170-ൽ പരം അദ്ധ്യാപകർ ഈ ടീച്ചേഴ്സ് സെമിനാറിൽ സംബന്ധിച്ചു.

തിരുവനന്തപ7ുരം വൈദികജില്ലയിലെ അദ്ധ്യാപകരുടെ സംഗമം ഓഗസ്റ്റ് 28-ാം തീയതി ചൊവ്വാഴ്ച പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സെമിനാർ ജില്ലാവികാരി വെരി റവ. ഫാ. ജോൺ പടിപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്യുകയും സണ്ടേസ്കൂൾ ഡയറക്ടർ റവ. ഫാ. ജോർജ്ജ് മേച്ചേരിമുകളിൽ, സെന്റ് മേരീസ് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. ജോൺ സി. സി., എക്സിക്യൂട്ടീവ് അംഗം ശ്രീ. പ്രദീപ് ജോർജ്ജ്, ജില്ലാ സെക്രട്ടറി ശ്രീ. ലാൽ എം. തോമസ് എന്നിവർ നേതൃത്വം നൽകുകയും ചെയ്തു. അതിഭദ്രാസന കാര്യാലയ റിസോഴ്സ് ടീം ക്ലാസ്സുകൾ നയിച്ചു. 175 അദ്ധ്യാപകർ ഈ സെമി നാറിൽ സംബന്ധിച്ചു. റവ. ഫാ. ജോർജ്ജ് മേച്ചേരിമുകളിൽ പാറ ശ്ശാല ഭദ്രാസനത്തിലേയ്ക്ക് സ്ഥലം മാറി പോകുന്നതിനാൽ അദ്ധ്യാപകർ ഒന്നുചേർന്ന് ബഹു. അച്ചന് യാത്രയയപ്പ് നൽകി.

## സർഗ്ഗോത്സവം 2018

കേരളത്തെ ഒന്നാകെ ദുരിതത്തിലാക്കിയ ജലപ്രളയത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവരോട് പങ്കുചേർന്ന് 2018-ൽ വൈദിക ജില്ലാതലത്തിലും, അതിഭദ്രാസനതലത്തിലും നടത്തുവാനിരുന്ന ഈ വർഷത്തെ സർഗ്ഗോത്സവം അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് ഒഴിവാക്കിയിരിക്കുന്നു.

## ജില്ലാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, എക്സിക്യൂട്ടീവ്, സെക്രട്ടറി സമ്മേളനം

സൺഡേസ്കൂൾ ജില്ലാ ഡയറക്ടേഴ്സിന്റേയും ആനിമേ റ്റേഴ്സിന്റേയും ജില്ലാ സെക്രട്ടറിമാരുടേയും പുതുതായി തെരഞ്ഞെ ടുക്കപ്പെട്ട അതിഭദ്രാസന എക്സിക്യൂട്ടീവ് അംഗങ്ങളുടേയും സംയുക്തയോഗം സെപ്റ്റംബർ 21-ാം തീയതി 10 മണിക്ക് പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

## സ്ഥിതി വിവരഫോം

സണ്ടേസ്കൂൾ സ്ഥിതി വിവരഫോമും ടീച്ചേഴ്സിന്റെ Identity Card-ഉം പൂരിപ്പിച്ച് അതിഭദ്രാസന മതബോധന കാര്യാലയത്തിൽ ഇതുവരേയും എത്തിച്ചിട്ടില്ലാത്ത ഇടവകകളിലെ ഹെഡ്മാസ്റ്റേഴ്സ് അത് കൃത്യമായി പൂരിപ്പിച്ച് എത്രയും വേഗം അയച്ചുതരേണ്ടതാണ്. കൃത്യസമയത്ത് ഫോം ലഭിച്ചാൽ മാത്രമേ പരീക്ഷയുടെ ചോദ്യ പേപ്പറുകൾ ഓരോ ഇടവകയ്ക്കും അയയ്ക്കുവാൻ സാധിക്കുകയുള്ളൂ. ഇതുവരേയും 110 ഇടവകകളിൽ നിന്നു മാത്രമേ നിശ്ചിത ഫോം കാര്യാലയത്തിൽ എത്തിയിട്ടുള്ളൂ.

## ദുരിതാശ്വാസ നിധി

കേരളക്കരയെ ഒന്നാകെ നടുക്കിയ മഹാപ്രളയത്തിൽ നമ്മുടെ വിശ്വാസപരിശീലന കാര്യാലയവും കൈകോർക്കണമെന്ന് ആഗ്രഹിക്കുന്നു. ആയതിലേയ്ക്ക് ഈ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കരുത്തേകുവാൻ സണ്ടേസ്കൂൾ കുഞ്ഞുങ്ങളുടെ നേതൃത്വത്തിൽ ഒരു തുക സംഭരിച്ച് ഏറ്റവും അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ സംരംഭത്തിലേയ്ക്ക് നിങ്ങളുടെ കുഞ്ഞുങ്ങൾക്ക് വേണ്ട പ്രോത്സാഹനവും നേതൃത്വവും ബഹു. വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, സണ്ടേസ്കൂൾ അദ്ധ്യാപകർ എന്നിവർ നൽകി ശേഖരിക്കുന്ന സഹായധനം ജില്ലാ മതബോധന ഡയറക്ടർ അച്ചന്മാർ വഴി അതിഭദ്രാസന മതബോധന കാര്യാലയത്തിൽ അടിയന്തര പ്രാധാന്യത്തോടെ എത്തിക്കേണ്ടതാകുന്നു. ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന വൈദിക ജില്ലയ്ക്ക് 2019-ലെ (അടുത്ത വർഷം) സർഗ്ഗോത്സവത്തിൽ 10 പോയിന്റും ട്രോഫിയും നൽകുന്നതാണ്. അതോടൊപ്പം തന്നെ ഏറ്റവും കൂടുതൽ തുക സമാഹരിക്കുന്ന ഇടവകയ്ക്കും പ്രത്യേക ട്രോഫി നൽകുന്നതാണ്.

# നൂറ്റാണ്ടിലെ മഹാപ്രളയത്തിന് ഒരു കൈത്താങ്ങ്

ലക്ഷക്കണക്കിന് ജനങ്ങളെ കണ്ണീരിലാഴ്ത്തിക്കൊണ്ട് കടന്നുപോയ ജലപ്രളയത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ഒരു കൈത്താങ്ങാവാൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ യുവജനങ്ങൾ കൈകോർത്തു.

## 1. ക്യാമ്പ് സന്ദർശനം

മലങ്കര കത്തോലിക്കാ യൂത്ത് മൂവ്മെന്റ് ആഗസ്റ്റ് 2-ന് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ 9 വൈദികജില്ലകളോടും അതിരൂപതയിലെ സുമനസ്സുകളോടും ചേർന്നുനിന്നുകൊണ്ട് കുട്ടനാട് പ്രദേശത്തെ ക്യാമ്പുകൾ സന്ദർശിക്കുകയും ഏകദേശം 2 ലക്ഷം രൂപ വിലമതിക്കുന്ന നിത്യോപയോഗ സാധനങ്ങൾ, കുടിവെള്ളം, വസ്ത്രം തുടങ്ങിയ ആവശ്യസാധനങ്ങൾ വിതരണം ചെയ്തു. തുടർന്ന് ആഗസ്റ്റ് 5-ന് അടൂർ, കൊട്ടാരക്കര, പുനലൂർ വൈദിക ജില്ലകളോട് ചേർന്നുകൊണ്ട് രണ്ടാംഘട്ടമായി 2 ലക്ഷം രൂപ വിലമതിക്കുന്ന നിത്യോപയോഗ സാധനങ്ങളുമായി വീണ്ടും കുട്ടനാട്ടിലെ മറ്റ് ക്യാമ്പുകളും സന്ദർശിച്ചു.

മഹാപ്രളയത്തെത്തുടർന്ന് ആറ്റുവാശ്ശേരി, മാവേലിക്കര, ഞായറയ്ക്കാട്, പന്തളം, കരുവേലിൽ, ആലപ്പുഴ, മുഹമ്മ, കുമരകം, ആര്യാട്, കുളത്തൂപ്പുഴ ആദിവാസി ക്യാമ്പ്, വെൺമണി, പുലിയൂർ, ചെങ്ങന്നൂർ, ഹരിപ്പാട്, കരുവാറ്റ, നങ്ങ്യാർകുളങ്ങര, ചുനക്കര, പാണ്ടനാട്, പല്ലിശ്ശേരി തുടങ്ങി മറ്റ് അനേകം പ്രളയ പ്രദേശങ്ങൾ സന്ദർശിക്കുകയും നിത്യോപയോഗ സാധനങ്ങൾ, ഭക്ഷണം, വസ്ത്രം, മരുന്നുകൾ, കുടിവെള്ളം തുടങ്ങിയവ നൽകുവാൻ സാധിച്ചു.

### 2. ശുചീകരണ പ്രവർത്തനങ്ങൾ

ജലപ്രളയത്തിൽ മണ്ണും ചെളിയും അടിഞ്ഞുകൂടി വൃത്തി ഹീനമായി മാറിയ മാവേലിക്കര, പത്തനംതിട്ട ഭദ്രാസനത്തിലെയും തിരുവല്ല അതിഭദ്രാസനത്തിലെയും പ്രദേശങ്ങളിൽ തിരുവനന്ത പുരം മേജർ അതിഭദ്രാസനത്തിന്റെ മലങ്കര സോഷ്യൽ സർവ്വീസ് സൊസൈറ്റിയോട് ചേർന്നുനിന്നുകൊണ്ട് വിവിധ വൈദികജില്ല കളിലെ യുവജനങ്ങൾ ഒരുമിച്ച് ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

### 3. മെഡിക്കൽ ക്യാമ്പ്

തിരുവനന്തപുരം വൈദികജില്ലകളിലെ എം.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം രൂപീകരിക്കു കയും പ്രളയനാളുകളിൽ അവരുടെ സേവനം ചെങ്ങന്നൂർ, പല്ലിശ്ശേരി, തുമ്പമൺ, മുട്ടം, പാണ്ടങ്കരി പ്രദേശങ്ങളിലെ വിവിധ ക്യാമ്പു കളിൽ നൽകുകയും ചെയ്തു.

### 4. പ്രാർത്ഥനായജ്ഞം

കേരളത്തിലെ ജനങ്ങളെ അതിഭീകരമായി ബാധിച്ച മഹാ പ്രളയത്തെ അതിജീവിക്കുന്നതിനായി തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിനോടൊപ്പം ആഗസ്റ്റ് 17-ാം തീയതി വെള്ളി യാഴ്ച പ്രാർത്ഥനാദിനമായി യുവജനങ്ങൾ ആചരിക്കുകയുണ്ടായി. തദിവസം യുവജനങ്ങൾ ഉപവസിച്ച് ഈ പ്രത്യേക നിയോഗത്തി നായി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചു. വൈകുന്നേരം 6.00 മുതൽ രാവിലെ 6.00 വരെ എം.സി.വൈ.എം. ന്റെ നേതൃത്വത്തിൽ പട്ടം സെന്റ് മേരീസ് കബർ ചാപ്പലിലും ആയൂർ സെന്റ് മേരീസ് ദൈവാ ലയത്തിലും അഖണ്ഡ ആരാധന നടത്തപ്പെടുകയുണ്ടായി. വൈദി കരും സന്ന്യസ്തരും വൈദികവിദ്യാർത്ഥികളും വിശ്വാസികളും അടങ്ങുന്ന വലിയ സമൂഹം ആരാധനയിൽ സംബന്ധിച്ചു.

## തൂലിക 2018

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന ത്തിന്റെ രചനാമത്സരമായ തൂലിക 2018 ആഗസ്റ്റ് 11-ാം തീയതി ശനിയാഴ്ച ജില്ലാതലത്തിൽ നടത്തപ്പെട്ടു. 9 വൈദികജില്ലാ സെന്റ റുകളിൽ വച്ച് നടത്തപ്പെട്ട തൂലിക 2018-ൽ മേജർ അതിഭദ്രാസന ഭാരവാഹികളുടെ സാന്നിധ്യവും മേൽനോട്ടവും രേഖപ്പെടുത്തി.

# ഏകദിന സെമിനാറും അർദ്ധവാർഷിക അസംബ്ലിയും

## സെമിനാർ

നമ്മുടെ ഇടവക ജനങ്ങളിൽ, ന്യൂനപക്ഷ അംഗങ്ങളായ നമുക്ക് ലഭിക്കാൻ അർഹതയുള്ള അവകാശങ്ങളും, ആനുകൂല്യങ്ങളും ഏതൊക്കെ എന്ന് ശരിയായി മനസ്സിലാക്കി കൊടുക്കുന്നതിനുവേണ്ടി 15.09.2018-ന് അഞ്ചൽ വൈദികജില്ലയിലെ, അഞ്ചൽ മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് ഒരു ഏകദിന സെമിനാർ നടത്തുന്നു. രാവിലെ 9.30-ന് രജിസ്ട്രേഷനോടുകൂടി ആരംഭിക്കുന്ന സെമിനാറിൽ, "ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും" എന്ന വിഷയത്തെ അടിസ്ഥാനമാക്കി അഡ്വ. എബ്രഹാം എം. പട്ട്യാനി (മുൻ ന്യൂനപക്ഷ കമ്മീഷൻ അംഗം ഡൽഹി) ക്ലാസ് നയിക്കുന്നു. ഇത് നമ്മുടെ എല്ലാ ഇടവകകളിലും എത്തിക്കുന്നതിനുവേണ്ടി എല്ലാ വൈദികജില്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും (15 പേർ) ഓരോ യൂണിറ്റുകളിൽ നിന്നും, പ്രസിഡന്റ്, സെക്രട്ടറി എന്നിവരെയും പങ്കെടുപ്പിക്കുന്നതിന് ജില്ലാ പ്രസിഡന്റ് മുൻകൈ എടുക്കേണ്ടതാണ്.

## അർദ്ധവാർഷിക അസംബ്ലി

സെമിനാറിനോടനുബന്ധിച്ചു നടക്കുന്ന അർദ്ധവാർഷിക അസംബ്ലിയിൽ, എല്ലാ വൈദിക ജില്ലാസമിതികളും, 01.01.2018 മുതൽ 30.06.2018 വരെയുള്ള പ്രവർത്തന റിപ്പോർട്ടും, കണക്കും അവതരിപ്പിക്കേണ്ടതാണ്. തുടർന്ന് മേജർ അതിരൂപതാ സമിതി റിപ്പോർട്ടും കണക്കും അവതരിപ്പിക്കുന്നു.

# ഒരു കൈതാങ്ങ്

പ്രളയ ബാധിതരെ സഹായിക്കാൻ എം.സി.എ. സമാഹരിക്കുന്ന ദുരിതാശ്വാസനിധി ഫണ്ടിലേക്ക് ഓരോ യൂണിറ്റുകളും സന്മനസ്സുള്ളവരിൽ നിന്നും സാമ്പത്തിക സഹായം സമാഹരിച്ച്

ജില്ലാ പ്രസിഡന്റുമാരെ ഏല്പ്പിച്ചു. 2018 സെപ്റ്റംബർ 2 ഞായറാഴ്ച ജില്ലാപ്രസിഡന്റുമാർ പ്രസ്തുത തുക മേജർ അതിഭദ്രാസന സമിതിയെ ഏല്പിക്കുകയും ഈ തുക അടുത്ത ദിവസം അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയെ ഏൽപ്പിച്ചു. ഈ സംരംഭത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ ജില്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും യൂണിറ്റ് അംഗങ്ങൾക്കും കൃതജ്ഞത അർപ്പിക്കുന്നു.

# DCMS

## DCMS സ്കോളർഷിപ്പ്

കേരള കത്തോലിക്കാ മെത്രാൻ സമിതി (കെ.സി.ബി.സി.) നല്കുന്ന സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു. SSLC, Plus Two, Degree, PG, Engineering തുടങ്ങിയ ക്ലാസുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾ നിശ്ചിത ഫോറത്തിൽ അപേക്ഷ പൂരിപ്പിച്ച് 2018 സെപ്റ്റംബർ 30-നകം പട്ടം സമന്വയ പാസ്റ്ററൽ സെന്ററിലുള്ള ഡി.സി.എം.എസ്. ഓഫീസിൽ എത്തിക്കണം. അപേക്ഷാഫോറം തിരുസന്നിധിയിൽ റിസപ്ഷൻ കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്.

# കുടുംബ പ്രേഷിത കാര്യാലയം

### വിവാഹ ഒരുക്ക സെമിനാർ

| | | |
|---|---|---|
| 2018 സെപ്റ്റംബർ 7, 8, 9 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |
| 2018 ഒക്ടോബർ 12, 13, 14 | - | മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ, നാലാഞ്ചിറ |

## എം.എസ്സ്.എസ്സ്.എസ്സ്. ന്റെ പ്രവർത്തന അവലോകന മീറ്റിംഗ്

ആഗസ്റ്റ് മാസം 2-ാം തീയതി റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സ്റ്റാഫ് മീറ്റിംഗിൽ എം. എസ്സ്. എസ്സ്.എസ്സ്. ന്റെ ജൂലൈ മാസത്തെ പ്രവർത്തന അവലോകനം നടത്തി.

## വാർഷിക മീറ്റിംഗ്

ആഗസ്റ്റ് 3-ാം തീയതി മാവേലിക്കര ഭദ്രാസനത്തിന്റെ ചേതന സോഷ്യൽ സർവ്വീസ് സൊസൈറ്റി വാർഷിക മീറ്റിംഗിൽ എം.എസ്സ്.എസ്സ്.എസ്സ്. നെ പ്രതിനിധീകരിച്ച് ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പങ്കെടുത്തു.

## സെൻസ് പദ്ധതി വിലയിരുത്തൽ

ആഗസ്റ്റ് 8,9,10 തീയതികളിൽ സ്രോതസ്സിൽ വച്ചു നടന്ന സെൻസ് പദ്ധതിയുടെ വിലയിരുത്തൽ പരിപാടിയിൽ സെൻസ് ഇന്റർനാഷണൽ പ്രോഗ്രാം മാനേജർ ശ്രീ. രാജേഷ് വർഗ്ഗീസ് പങ്കെടുത്തു. സെൻസ് പദ്ധതിക്ക് എം.എസ്സ്.എസ്സ്.എസ്സ്. കോ-ഓർഡിനേറ്റർ ശ്രീ. അഭിലാഷ് വി.ജി. നേതൃത്വം നൽകി. എല്ലാ സ്റ്റാഫിന്റെയും സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ചർച്ചകൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. എല്ലാ കുട്ടികളുടെയും വീടുകൾ സന്ദർശിച്ചു.

## പ്ലാനിംഗ് മീറ്റിംഗ്

ആഗസ്റ്റ് 10-ാം തീയതി റവ. ഫാ. തോമസ് മുകളുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ എം.എസ്സ്.എസ്സ്.എസ്സ്. ൽ വച്ചു നടന്ന പ്ലാനിംഗ് മീറ്റിംഗിൽ DDU- GKY ട്രെയിനേഴ്സും, സ്റ്റാഫ് അംഗങ്ങളും പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ ഓണാഘോഷം, യൂത്ത് ദിനാഘോഷം എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. എന്നാൽ പിന്നീട് പ്രളയ ദുരിത പ്രവർത്തനങ്ങൾ ആയതിനാൽ ഓണാഘോഷം ഒഴിവാക്കി.

## SAFP കുടുംബ പദ്ധതി

SAFP കുടുംബ പദ്ധതിയിൽ നിന്നും ആഗസ്റ്റ് 13-ാം തീയതി വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി നെടുമങ്ങാട്, ബാലരാമപുരം എന്നീ റീജണലിലെ 18 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## യൂത്ത് ദിനാഘോഷം

ആഗസ്റ്റ് 14-ാം തീയതി എം.എസ്സ്.എസ്സ്.എസ്സ്. ൽ വച്ചു ഇന്റർനാഷണൽ യൂത്ത് ദിനാഘോഷവും സ്വാതന്ത്ര്യദിനാഘോഷവും സംഘടിപ്പിച്ചു. DDU- GKY കുട്ടികൾ വിവിധതരം പ്രസന്റേഷൻ പരിപാടികളും, കലാപരിപാടികളും അവതരിപ്പിച്ചു. റവ. ഫാ. സാം പതാക്കൽ മുഖ്യ അതിഥി ആയിരുന്നു. കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർ ശ്രീമതി സനുജ ആശംസകൾ നേർന്നു സംസാരിച്ചു. ഡയറക്ടർ റവ. ഫാ. തോമസ് മുകളുംപുറത്ത് പരിപാടികൾക്ക് നേതൃത്വം നൽകി.

## SAFP കുടുംബ പദ്ധതി

SAFP കുടുംബ പദ്ധതിയിൽ നിന്നും ആഗസ്റ്റ് 20-ാം തീയതി വിവിധ തൊഴിൽ പദ്ധതികൾക്കു വേണ്ടി കഴക്കൂട്ടം, അഞ്ചൽ എന്നീ റീജണലിലെ 31 കുടുംബങ്ങൾക്ക് ധനസഹായം നൽകി.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പരിപാടി

ആഗസ്റ്റ് മാസം ഉണ്ടായ പ്രളയ ദുരിതത്തിൽ കഷ്ടത അനുഭവിച്ചവർക്ക് എം.എസ്സ്.എസ്സ്.എസ്സ്. വിവിധ ദുരിതാശ്വാസ പരിപാടികൾ സംഘടിപ്പിച്ചു. വിവിധ ഭദ്രാസനങ്ങളിൽ എം.എസ്സ്.എസ്സ്.എസ്സ്. ന്റെ നേതൃത്വത്തിൽ ദുരിതാശ്വാസ പരിപാടികൾ നടത്തുകയും വിവിധ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## പ്രളയ ദുരിതാശ്വാസ അവലോകന മീറ്റിംഗ്

കാരിത്താസ് ഇൻഡ്യ, കേരള സോഷ്യൽ സർവ്വീസ് ഫോറം എന്നിവ സംയുക്തമായി സംഘടിപ്പിച്ച ഭദ്രാസന ഡയറക്ടർമാ

രുടെ സമ്മേളനം എറണാകുളം POC- ൽ വച്ച് ആഗസ്റ്റ് 24-ാം തീയതി നടന്നു. പ്രസ്തുത പരിപാടിയിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തെ പ്രതിനിധീകരിച്ച് റവ. ഫാ. കോശി ചിറക്കരോട്ടും, എം.എസ്സ്.എസ്സ്.എസ്സ്. കോർഡിനേറ്റർ ശ്രീ. ജോർജ് ഡാനിയേലും പങ്കെടുത്തു. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാവി പരിപാടികളെകുറിച്ച് ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു.

## വിവിധ ധന സഹായങ്ങൾ

കുടുംബ സഹായ പദ്ധതിയിൽ 49 കുടുംബങ്ങൾക്ക് 5,82,000 രൂപയും

ഇൻഷുറൻസ് വഴിയുള്ള മരണാനന്തര സഹായമായി 3 കുടുംബങ്ങൾക്ക് 48,000 രൂപയും

വൈദ്യ സഹായങ്ങളും, മറ്റു സഹായവുമായി 17,000 രൂപയും നൽകി.

## ആദരാഞ്ജലികൾ

### ശ്രീമതി മറിയാമ്മ പൗലോസ് പുതുപ്പറമ്പിൽ (78)



തിരുവനന്തപുരം മേജർ അതിഭദ്രാസനാംഗമായ റവ. ഫാ. ജോൺസൺ പുതുപ്പറമ്പിലിന്റെ വത്സല മാതാവ് ശ്രീമതി മറിയാമ്മ പൗലോസ് പുതുപ്പറമ്പിൽ (78) 2018 ആഗസ്റ്റ് 18-ന് നിര്യാതയായി. ശവസംസ്കാരശുശ്രൂഷകൾ 2018 ആഗസ്റ്റ് 19-ന് വൈകുന്നേരം 3.00-ന് അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ അഞ്ചൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ നടന്നു.

**തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ**

# ഇടയനാളാഗമം

## ആഗസ്റ്റ് 2018

## (പ്രധാന പരിപാടികൾ)

**ആഗസ്റ്റ് 01 – 06**

അമേരിക്കയിൽ നടന്ന മലങ്കര കൺവെൻഷനിൽ പങ്കെടുത്തു.

**ആഗസ്റ്റ് 7**

കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന Colloqium-ത്തിൽ പങ്കെടുത്തു.

**ആഗസ്റ്റ് 7 – 10**

കെ.സി.ബി.സി. യുടെ നേതൃത്വത്തിൽ കൊച്ചി പി.ഒ.സി. യിൽ വച്ച് നടന്ന വാർഷികധ്യാനത്തിൽ പങ്കെടുത്തു.

**ആഗസ്റ്റ് 11**

രാവിലെ 8.00-ന് പുത്തൻപീടിക മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്ന റവ. ഫാ. പി. റ്റി. ജോർജ്ജിന്റെ പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷ ങ്ങളിൽ പങ്കെടുത്ത് ആശംസകൾ നേർന്നു.

വൈകിട്ട് 5.30-ന് പുതുക്കിപ്പണിത അഞ്ചാമട സെന്റ് ജോൺസ് മലങ്കര കത്തോലിക്കാ ദൈവാലയം കൂദാശ ചെയ്ത് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ആഗസ്റ്റ് 13**

ഗുജറാത്തിലെ ബറോഡയിൽ ശ്രീ. ജോയ്ക്കുട്ടിയുടെ ഭവനകൂദാശ നടത്തി.

**ആഗസ്റ്റ് 14**

ഉച്ചയ്ക്ക് 2.30-ന് മാർ ഈവാനിയോസ് കോളേജിൽ പുതു തായി ആരംഭിച്ച B.Com. Audit & Accounts എന്ന പുതിയ കോഴ്സ് ഉദ്ഘാടനം ചെയ്തു.

**ആഗസ്റ്റ് 15**

രാവിലെ 8.00-ന് Switzerland -ൽ നിന്നുള്ള അതിഥികളോ ടൊത്ത് മൈനർ സെമിനാരിയിൽ പ്രഭാതഭക്ഷണത്തിൽ പങ്കെടുത്തു.

11.00 മണിക്ക് കിഴക്കേത്തെരുവ് സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന് തറക്കല്ലിട്ടു.

വൈകിട്ട് 3.30-ന് കരവാളൂർ ദൈവാലയത്തിൽ ശ്രീ. മാമ്മൻ വർഗീസിന്റെ വത്സലപിതാവിന്റെ ഇരുപതാം ചരമവാർഷികത്തിൽ വി. കുർബാന അർപ്പിച്ചു.

**ആഗസ്റ്റ് 16**

ഉച്ചകഴിഞ്ഞ് 3.30-ന് സെക്രട്ടറിയേറ്റിൽ വച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ധനസഹായം കൈമാറി.

വൈകുന്നേരം 6.00-ന് ഉളിയാഴിത്തുറ ദൈവാലത്തിൽ തിരുന്നാൾ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ആഗസ്റ്റ് 17**

പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ പ്രളയബാധിതർക്കുവേണ്ടി നടത്തിയ പ്രാർത്ഥനയിൽ സംബന്ധിച്ചു.

**ആഗസ്റ്റ് 18**

രാവിലെ പട്ടം കത്തീഡ്രൽ കബർ ചാപ്പലിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

പിരപ്പൻകോട് സെന്റ് ജോൺസ് മെഡിക്കൽ വില്ലേജിനോട് ചേർന്ന് നിർമ്മിച്ച ഷോപ്പിംഗ് കോപ്ലക്സിന്റെ കൂദാശയും 'സാനി' സൂപ്പർമാർക്കറ്റിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു.

**ആഗസ്റ്റ് 19**

രാവിലെ 7.15-ന് കത്തീഡ്രൽ ദൈവാലയത്തിൽ വചനസന്ദേശം നൽകി.

8.30-ന് നാലാഞ്ചിറ സെന്റ് തോമസ് ദൈവാലയത്തിൽ സന്ദേശം നൽകി.

9.45-ന് പാളയം സമാധാനരാജ്ഞി ബസിലിക്കയിൽ സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ് 3.00-ന് അഞ്ചൽ സെന്റ് മേരീസ് ദൈവാലയത്തിൽ റവ. ഫാ. ജോൺസൺ പുതുപ്പറമ്പിലിന്റെ വത്സലമാതാവിന്റെ കബറടക്ക ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ആഗസ്റ്റ് 21**

വൈകിട്ട് 6.00-ന് കാവടിത്തല ദൈവാലയത്തിൽ വൈദീക മന്ദിരത്തിന്റെ കൂദാശ നിർവ്വഹിച്ചു.

**ആഗസ്റ്റ് 22**

ഉച്ചയ്ക്കുശേഷം പത്തനംതിട്ട അമൃത വിദ്യാലയത്തിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് പ്രയാസത്തിലായിരിക്കുന്നവരെ ആശ്വസിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. ദുരിതാശ്വാസ സഹായം വിതരണം ചെയ്തു.

ഇടയാറന്മുള ലത്തീൻ കത്തോലിക്കാ ദൈവാലയത്തിലെ പ്രളയ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് പ്രാർത്ഥിക്കുകയും ദുരിത ബാധിതരെ ആശ്വസിപ്പിക്കുകയും ചെയ്തു. രക്ഷാപ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയ ചെറുപ്പക്കാരെ അഭിനന്ദിച്ച് സഭ യുടെ പിന്തുണ വാഗ്ദാനം ചെയ്തു.

തെക്കേമല മലങ്കര ഓർത്തഡോക്സ് സഭാ ദൈവാലയ ത്തിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് പ്രാർത്ഥിക്കുകയും സഭ യുടെ പിന്തുണ വാഗ്ദാനം ചെയ്തു.

**ആഗസ്റ്റ് 25**

രാവിലെ 9.00-ന് സി. സ്മിത ഡി.എം. ന്റെ വത്സലമാതാ വിന്റെ നിര്യാണത്തിൽ അനുശോചനം അറിയിച്ച് ഭവനത്തിലെത്തി പ്രാർത്ഥിച്ചു.

ഉച്ചയ്ക്ക് 12.00-ന്, കാലം ചെയ്ത ചെങ്ങന്നൂർ മലങ്കര സുറി യാനി ഓർത്തഡോക്സ് ഭദ്രാസന അധിപൻ തോമസ് മാർ അത്ത നാസിയോസ് തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിൽ പങ്കെടു ക്കുകയും പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**ആഗസ്റ്റ് 26**

രാവിലെ 11.00-ന് ആർച്ചുബിഷപ്പ് മാർ ഗ്രിഗോറിയോസ് സ്നേഹവീട്ടിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ആഗസ്റ്റ് 28**

രാവിലെ 11.00-ന് റവ. ഫാ. ജോസഫ് കണ്ണംകുളത്തിന്റെ വത്സലമാതാവിന്റെ കബറടക്ക ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

**ആഗസ്റ്റ് 30**

രാവിലെ 8.00-ന് മേജർ അതിഭദ്രാസന കൂരിയാ മീറ്റിംഗിൽ അദ്ധ്യക്ഷം വഹിച്ചു.

## ജന്മദിനാശംസകൾ

### സെപ്റ്റംബർ

06 – റവ. ഫാ. ജോൺ അരീക്കൽ
06 – റവ. ഫാ. ആന്റണി മരിയഭവൻ
21 – റവ. ഫാ. തോമസ് കുറ്റിയിൽ
26 – റവ. ഫാ. അഗസ്റ്റിൻ മംഗലത്ത്
29 – റവ. ഫാ. ജോർജ്ജ് തോമസ് കൊച്ചുവിളയിൽ

## പ്രാർത്ഥനയിൽ ഓർക്കാം

### സെപ്റ്റംബർ

06 – റവ. ഫാ. കോശി കുഴിമണ്ണിൽ
07 – റവ. ഫാ. ഡൊമനിക് സഖറിയാസ്
08 – റവ. ഫാ. ഗീവർഗ്ഗീസ് തെക്കേവീട്ടിൽ
11 – റവ. ഫാ. സഖറിയാസ് കിളീലേത്ത്
13 – റവ. ഫാ. ലൂയിസ് ഫിലിപ്പോസ്
14 – റവ. ഫാ. എ. ജി. എബ്രഹാം, മൈലപ്ര
– റവ. ഫാ. ജോർജ്ജ് ഉമ്മൻ തെക്കേടത്ത്
– റവ. ഫാ. അബ്രഹാം തെങ്ങുംതറമേടയിൽ, മൈലപ്ര
16 – റവ. ഫാ. അഗസ്റ്റിൻ വിരുപ്പേൻ
21 – റവ. ഫാ. എബ്രഹാം ആശാരിയേത്ത്
27 – റവ. ഫാ. അലക്സാണ്ടർ പനങ്കുന്നേൽ
28 – റവ. ഫാ. ജോർജ്ജ് പുറത്തൂട്ട്
29 – റവ. ഫാ. കെ. ജി. തോമസ് പണിക്കർ

# സ്മരണീയ ദിനങ്ങൾ

## 2018 സെപ്റ്റംബർ

| | | |
|---|---|---|
| 1 | ശനി | **എട്ടു നോമ്പാരംഭം** |
| 2 | **ഞായർ** | **തേജസ്കരണശേഷം നാലാം ഞായർ**<br>മാർ ശെമവൂൻ ദസ്തൂനി |
| 5 | ബുധൻ | **വി. മദർ തെരേസ** |
| 8 | **ശനി** | **വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ**<br>**എട്ടു നോമ്പ് വീടൽ** |
| 9 | **ഞായർ** | **തേജസ്കരണശേഷം അഞ്ചാം ഞായർ**<br>മാർ യൊവാക്കീമും മർത്താ ഹന്നായും |
| 14 | **വെള്ളി** | **സ്ലീബാപ്പെരുന്നാൾ** |
| 15 | ശനി | വ്യാകുല മാതാവ് |
| 16 | **ഞായർ** | **സ്ലീബാപ്പെരുന്നാളിനുശേഷം ഒന്നാം ഞായർ**<br>വി. സിപ്രിയാൻ |
| 19 | ബുധൻ | വി. ജനുവാരിയൂസ് |
| 20 | **വ്യാഴം** | **മലങ്കര പുനരൈക്യ ദിനം** |
| 21 | വെള്ളി | **അഭിവന്ദ്യരായ തോമസ് മാർ യൗസേബിയൂസ് (2010), ഗീവർഗീസ് മാർ മക്കാറിയോസ് (2017), യൂഹാനോൻ മാർ തെയഡോഷ്യസ് (2017) തിരുമേനിമാരുടെ മെത്രാഭിഷേക വാർഷികം** |
| 23 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം രണ്ടാം ഞായർ**<br>വി. പാദ്രെ പിയോ |
| 27 | വ്യാഴം | വി. വിൻസെന്റ് ഡി പോൾ |
| 28 | വെള്ളി | **അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ഓർമ്മ (1977)** |
| 29 | ശനി | മുഖ്യദൂതൻമാരായ വി. മിഖായേൽ, വി.ഗബ്രിയേൽ,<br>വി. റഫായേൽ |
| 30 | **ഞായർ** | **സ്ലീബാ പെരുന്നാളിനുശേഷം മൂന്നാം ഞായർ**<br>വി. ജറോം; വി. സോഫിയാ |

# അത്യഭിവന്ദ്യ കാതോലിക്കാബാവായുടെ പ്രോഗ്രാം

## സെപ്റ്റംബർ 2018

| | | |
|---|---|---|
| 2 | 8.30 am | കാട്ടായിക്കോണം |
| | 3.00 pm | കഴക്കുന്നം |
| 5-7 | | എം.സി.സി.എൽ. (ദുബായ്) |
| 9 | 9.00 am | അഞ്ചൽ |
| | 6.00 pm | തിങ്കൾക്കരിക്കം |
| 10 | | പട്ടം |
| | 3.30 pm | ഏഴംകുളം |
| 14 | | SEERI |
| 15 | 10.30 am | മാർ ഈവാനിയോസ് കോളേജ്, നാലാഞ്ചിറ |
| | 3.30 pm | പട്ടം |
| 16 | | കുളത്തൂപ്പുഴ |
| 17 | | പട്ടം |
| 21 | 10.00 am | മൂവാറ്റുപുഴ കത്തീഡ്രൽ |
| | 5.00 pm | ചിറ്റൂർ (യൂത്ത് കൺവെൻഷൻ) |
| 22 | | ആയൂർ |
| | 3.00 pm | പെരുനാട് (ബഥനി ആശ്രമ കൂദാശ) |
| 23 | 8.00 am | അടൂർ |
| | 3.00 pm | എം.സി.വൈ.എം. മീറ്റിംഗ് |
| 26-28 | ബാംഗ്ലൂർ (സി.ബി.സി.ഐ. സ്റ്റാന്റിംഗ് കമ്മിറ്റി) | |
| 29 | | വേങ്ങോട് |
| 30 | 11.00 am | മാരാമൺ |
| | 3.30 pm | വിളക്കുപാറ |




വിശ്വാസ പരിശീലനദിനത്തിന്റെ മേജർ അതിഭദ്രാസനതല ഉദ്ഘാടനം
വന്ദ്യ മോൺ. ഡോ. വർക്കി ആറ്റുപുറത്ത് നിർവ്വഹിക്കുന്നു. (കുറ്റിയാനി, 05 - 08 - 2018).




സെന്റ് ജോൺസ് കമ്മ്യൂണിറ്റി ഹാളിന്റെയും സാനി സൂപ്പർ മാർക്കറ്റിന്റെയും ഉദ്ഘാടനം
അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി നിർവ്വഹിക്കുന്നു. (പിരപ്പൻകോട്, 18 - 08 - 2018).

## ആദരാഞ്ജലികൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ
ചെങ്ങന്നൂർ ഭദ്രാസനാധിപൻ
**ആബൂൻ തോമസ് മാർ അത്താനാസിയോസ്**
തിരുമേനിക്ക് ആദരാഞ്ജലികൾ

## ഓർമ്മപ്പെരുന്നാൾ



**ആബൂൻ സഖറിയാസ്**
**മാർ അത്തനാസിയോസ്**
(സെപ്തംബർ 28)

KL/TV(N)461/2009-11 RN, KERBIL 01108/11/1/97-TC
THIRUVANANTHAPURAM MAJOR ATHIBHADRASANA BULLETIN, PRICE RS.5/-



അത്യഭിവന്ദ്യ കാതോലിക്കാബാവാ തിരുമേനി കൂദാശ ചെയ്ത അഞ്ചാമട സെന്റ് ജോൺസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയം (11-08-2018).

Printed and Published by the Chancellor, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum - 4
Phone : 0471 - 2446116